പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 943

01-03-2017 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് നടപ്പുവർഷത്തെ മഴലഭ്യത

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ശശി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് നടപ്പുവർഷം ലഭിക്കേണ്ട മഴ എത്രയെന്നും ഇതിൽ വന്നിട്ടുള്ള കുറവ് എത്രയെന്നും ഇതുമൂലം സംസ്ഥാനത്തുണ്ടാകാൻ സാധ്യതയുള്ള ജലലഭ്യതക്കുറവ് എത്രയെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സാധാരണയായി ലഭിക്കുന്ന ശരാശരി മഴയുടെ അളവ് 3000 മില്ലീമീറ്റർ ആണ്. എന്നാൽ ഐ.എം.ഡി.യുടെ കണക്ക് പ്രകാരം 2016-ൽ സംസ്ഥാനത്ത് 1869.5 മില്ലീമീറ്റർ മഴയാണ് ലഭിച്ചത്. ഇത് ശരാശരിയേക്കാൾ 1130.5 മില്ലീമീറ്റർ (38%) കുറവാണ്. 2017 ജനുവരി മുതൽ ഫെബ്രുവരി 22 വരെ സംസ്ഥാനത്ത് 13 മില്ലിമീറ്റർ മഴ ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തിൽ ലഭ്യമായ മഴയുടെ അളവിലുള്ള കുറവ് മൂലം സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച അനുഭവപ്പെടാൻ സാധ്യതയുണ്ട്. |
| (ബി) | ഇതുമൂലമുണ്ടാകാവുന്ന ജലദൗർലഭ്യം മൂലം സംസ്ഥാനത്തുണ്ടാകാവുന്ന കുടിവെള്ള പ്രശ്നം, കൃഷിനാശം, വൈദ്യുതിക്ഷാമം (ജല വൈദ്യുതിയിലെ കുറവുമൂലം) എന്നിവ ജലവകുപ്പും മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ ജലവകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | **ജലസേചന വകുപ്പ്**<br>ജല അതോറിറ്റിയുടെ ഇൻടേക് കിണറുകളിൽ കുടിവെള്ളത്തിനായി ജലലഭ്യതയുണ്ടാക്കുന്നതിനായി ജലസേചന വകുപ്പ് മുഖാന്തിരം തടയണകൾ, താൽക്കാലിക ബണ്ടുകൾ എന്നിവ നിർമ്മിക്കുന്നതിനായി രണ്ടു വകുപ്പുകളും തമ്മിൽ ഏകോപനവും കൂടിയാലോചനയും നടത്തി പ്രയോഗത്തിലാക്കിയിട്ടുണ്ട്. കേരളത്തിൽ ജലസേചന വകുപ്പിനു കീഴിൽ പഴശ്ശി, കുറ്റ്യാടി, കാരാപ്പുഴ എന്നീ പദ്ധതികളിൽ ഒഴികെ മറ്റെല്ലാ ജലസംഭരണികളിലും ജലനിരപ്പ് മുൻ വർഷങ്ങളെ അപേക്ഷിച്ച് ശരാശരി 40% ത്തോളം കുറവാണ്. എങ്കിൽതന്നെയും പ്രത്യേകം തയ്യാറാക്കുന്ന പ്രകാരം എല്ലാ ഡാമുകളിൽ നിന്നും കുടിവെള്ളക്ഷാമ പരിഹാരത്തിനായി ഉപയോഗിക്കാൻ വരൾച്ച സംബന്ധിച്ച മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്.<br>**കേരള ജല അതോറിറ്റി**<br>കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടാൻ കേരള ജല |

| | | | |
|---|---|---|---|
| | | | അതോറിറ്റി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പ് വരുത്തുന്നു.<br>2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>3. അടിക്കടി ലീക്ക് മൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.<br>4. ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നു.<br>6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ കിയോസ്കുകൾ വഴി ജലവിതരണം നടത്തുന്ന സ്ഥലങ്ങളിലേക്ക് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ വിവിധ പദ്ധതികളിൽ നിന്നും നൽകുന്നതാണ്.<br>7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്നു.<br>8. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നുണ്ട്.<br>9. ആവശ്യമാകുന്ന സ്ഥലങ്ങളിൽ വാൽവുകൾ നിയന്ത്രിച്ച് സാധ്യമായ അളവിൽ എല്ലാവർക്കും ജലലഭ്യത ഉറപ്പാക്കുന്നു.<br>10. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നുണ്ട്.<br>11. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും ആന്റി വാട്ടർ |

| | | | |
|---|---|---|---|
| | | | തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.<br>12. പ്രതിമാസം 50 കിലോലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>13. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>14. ജലശുദ്ധീകരണശാലകളിൽ ബാക്ക് വാഷിങ്ങ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.<br>മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിവരുന്നു.<br>**<u>ഭൂജലവകുപ്പ്</u>**<br>വരൾച്ച നേരിടുന്നതിനു വേണ്ടി കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത് പ്രദേശങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽക്കിണറുകൾ നിർമ്മിച്ച് ജലലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് പദ്ധതികളും രാജീവ് ഗാന്ധി പദ്ധതിയിൻ കീഴിൽ ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്ത് ജലലഭ്യത ഉറപ്പാക്കാനായി വീടുകളിൽ മഴവെള്ളകുഴികൾ സ്ഥാപിക്കുന്നതുൾപ്പെടെ ജലവകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (സി) | ഭൂജല വകുപ്പ് കൃത്രിമസംപോഷണ പദ്ധതി ഭൂജല സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്നു. തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്നകിണർ, കുഴൽകിണർ വഴിയുള്ള ഭൂജലസംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഇതിൽ 10 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 41 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. തുറന്ന |

| | | | |
|---|---|---|---|
| | | | കിണറുകൾ റീചാർജ്ജ് ചെയ്യുക വഴി ഭൂജലനിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പരിധി വരെ സംസ്ഥാനത്തിന് കഴിയുകയും ചെയ്യും. |
| (ഡി) | സംസ്ഥാനത്തെ ജല സംഭരണികളിലെ മണലും ചെളിയും മാറ്റി കൂടുതൽ ജലം സംഭരിക്കാനായി ജലവകുപ്പ് എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ അണക്കെട്ടുകളിൽ എക്കൽ നീക്കം ചെയ്യുന്നതിനുള്ള കരട് SOP (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സ്) തയ്യാറാക്കുവാൻ സർക്കാർ ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയുണ്ടായി. ഇതിൻപ്രകാരം എക്കൽ നീക്കം ചെയ്യുന്നതിനുള്ള കരട് SOP, പ്രസ്തുത സമിതി, 09-12-16 ൽ സമർപ്പിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 30-01-2017 ൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഡീ-സിൽറ്റിങ് സംബന്ധിച്ച് ഒരു യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ താഴെപ്പറയുന്നു.<br><br>1. SOP യിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഡീ-സിൽറ്റിങ് നടത്തുവാനുള്ള പൈലറ്റ് പ്രോജക്ടുകളായി മംഗലം, ചുള്ളിയാർ എന്നീ അണക്കെട്ടുകളെ തെരഞ്ഞെടുത്തു.<br>2. SOP യെ കുറിച്ചുള്ള അഭിപ്രായം ദേശീയ തലത്തിലുള്ള വിദഗ്ദ്ധർ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ശേഖരിക്കേണ്ടതാണ്.<br>3. SOP പൊതുജനാഭിപ്രായത്തിനായി വിവിധ സർക്കാർ വെബ് സൈറ്റുകളിൽ ഇടേണ്ടതാണ്. |

സെക്ഷൻ ഓഫീസർ